ഉത്തരം

(എ) സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 5000 രൂപ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ നിലവിലുള്ള 110 രൂപയിൽ നിന്ന് 120 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സ്ത്രീകളോടുള്ള അവഗണനയ്ക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി

38 [5594] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
,, ഗിരിജാ സുരേന്ദ്രൻ:
ശ്രീ. സാജു പോൾ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകളോടുള്ള അവഗണനയ്ക്കെതിരെ സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സ്ത്രീകളോടുള്ള അവഗണനയ്ക്കെതിരെ സാമൂഹ്യക്ഷേമ വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്:

സംസ്ഥാനത്ത് 18 ഐ. സി. ഡി. എസ്. ബ്ലോക്കുകളിൽ സംയോജിത വനിതാ ശാക്തീകരണ പദ്ധതി (ഐ.ഡബ്ലിയു. ഇ. പി.) നടപ്പിലാക്കുന്നു. സാമൂഹ്യമായി സ്ത്രീകളെ ശക്തിപ്പെടുത്തുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാനലക്ഷ്യം. ഐ.ഡബ്ലിയു. ഇ. പി. ബ്ലോക്കുകളിൽ നടത്തുന്ന പരിപാടികളിൽ സ്ത്രീകളോടുള്ള അവഗണനയ്ക്കെതിരെ ആവശ്യമായ ബോധവൽക്കരണം കൂടി ഉൾപ്പെടുത്തുന്നതാണ്.

ഐ.ഡബ്ലിയു. ഇ. പി. നിലവിലില്ലാത്ത ബ്ലോക്കുകളിൽ അംഗൻവാടി തലത്തിൽ അമ്മമാരുടെ യോഗങ്ങളിൽ സാമൂഹ്യ സമത്വത്തിനുവേണ്ടി സ്ത്രീകളെ ബോധവൽക്കരിക്കാവുന്നതിനുള്ള പരിപാടികൾ ഉൾപ്പെടുത്തുന്നുണ്ട്.

റാന്നി ഐ. സി. ഡി. എസ്. പ്രോജക്ട്

39 [5595] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വിസ്തീർണ്ണം ഉള്ളതും മലയോര പ്രദേശത്ത് സ്ഥിതി ചെയ്യുന്നതുമായ റാന്നി ഐ. സി. ഡി. എസ്. പ്രോജക്ടിനെ ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ;

(ബി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ മറ്റെന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റാന്നി പ്രോജക്ടിൽ കെട്ടിടം നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly